**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 359** **18-03-2025 - ൽ മറുപടിയ്ക്ക്**

**പവർ ഫിനാൻസ് കോർപ്പറേഷൻ റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി മേഖലയിൽ സർക്കാർ നടത്തിയിട്ടുള്ള പരിഷ്കാരങ്ങളുടെ ഫലമായി കെ.എസ്.ഇ.ബി-യ്ക്ക് പവർ ഫിനാൻസ് കോർപ്പറേഷൻ റാങ്കിംഗിൽ നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഈ വർഷം 2023-24, സാമ്പത്തിക വർഷത്തിലെ രാജ്യത്തെ വൈദ്യുതി വിതരണ യൂട്ടിലിറ്റികളുടെ പ്രവർത്തന മികവാണ് PFC വിലയിരുത്തിയത്. പ്രസ്തുത വിലയിരുത്തലിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ റാങ്ക് മുൻവർഷത്തെ 32-ൽ നിന്നും 19-ആയി ഉയർന്നിട്ടുണ്ട്. |
| (ബി) | സാമ്പത്തിക സുസ്ഥിരത വിഭാഗത്തിൽ കെ.എസ്.ഇ.ബി.യുടെ റാങ്കിംഗ് എത്രയാണ്; ഈയിനത്തിൽ നേട്ടമുണ്ടാക്കുവാൻ കഴിയാത്തതിനുള്ള കാരണമെന്താണ്; വിശദമാക്കുമോ; | (ബി) | സാമ്പത്തിക സുസ്ഥിര വിഭാഗത്തിനായി മാത്രം പ്രത്യേക റാങ്കിങ്ങ് സംവിധാനം ഇല്ല. എന്നാൽ റാങ്കിങ്ങിനായുള്ള മാനദണ്ഡങ്ങളിൽ സാമ്പത്തിക സുസ്ഥിര വിഭാഗത്തിന് മൊത്തം 75 മാർക്ക് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കെ.എസ്.ഇ.ബി.എൽ.-ന് ഒരു മാർക്ക് disincentive ഉൾപ്പെടെ 42.1 മാർക്ക് ആണ് ലഭിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷത്തെ അംഗീകൃത വരുമാന കമ്മിക്കു ആനുപാതികമായിട്ട് വൈദ്യുതി നിരക്ക് വർദ്ധനവ് യഥാസമയം നൽകാത്തതും ,വൈദ്യുതി വാങ്ങൽ ചെലവിൽ ഉണ്ടായ വ്യതിയാനങ്ങൾ മുഴുവനായി യഥാസമയം ഇന്ധന സർചാർജിലൂടെ ലഭ്യമാകാത്തതുമാണ് സാമ്പത്തിക മാനദണ്ഡങ്ങളിൽ സ്കോർ കുറയാൻ പ്രധാന കാരണം. |
| (സി) | വൈദ്യുതി വിതരണം ഏറ്റെടുത്ത സർക്കാർ വകുപ്പുകളുടെ വിഭാഗത്തിൽ പ്രസ്തുത റാങ്കിംഗിൽ സംസ്ഥാനത്തിനുണ്ടായ നേട്ടത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുമോ; | (സി) | 2023-24 ലെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റുകളുടെ ഉടമസ്ഥതയിലുള്ള 42 വൈദ്യുതി വിതരണ കമ്പനികളെയും സ്വകാര്യ മേഖലയിലെ 10 കമ്പനികളെയും ഒരുമിച്ചാണ് (52 വിതരണ യൂട്ടിലിറ്റികൾ) റേറ്റിംഗിൽ പരിഗണിച്ചിട്ടുള്ളത്. ഇതിൽ 52 വിതരണ യൂട്ടിലിറ്റികളിൽ 19-ാമത് റാങ്കാണ് കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടുള്ളത്. സ്വകാര്യ |

| | | | |
|---|---|---|---|
| | | | യൂട്ടിലിറ്റികളെ ഒഴിവാക്കിയാൽ 42 യൂട്ടിലിറ്റികളിൽ 13-ാം സ്ഥാനമാണുള്ളത്.<br><br>**തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിന് (TCED) രാജ്യത്തെ ഊർജ്ജ വകുപ്പുകളുടെ കീഴിലുള്ളവയിൽ എറ്റവും ഉയർന്ന സ്ഥാനത്തോടെ എ ഗ്രേഡ് ലഭിച്ചിട്ടുണ്ട്** |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഡി) | സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ പൂർണ്ണ സഹകരണം നൽകി വരുന്നുണ്ട്. ഉദാഹരണത്തിന് അഡീഷണൽ ബോറോയിംഗുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ 20323-24 വർഷത്തെ നഷ്ടത്തിന്റെ 90% സർക്കാർ ഏറ്റെടുക്കുകയുണ്ടായി. കൂടാതെ 31-12-2024 വരെയുള്ള, സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വൈദ്യുത ചാർജ്ജ് കുടിശ്ശികയും സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കെ.എസ്.ഇ.ബി.എൽ.-നെ സാമ്പത്തികമായി സുസ്ഥിരമാക്കുന്നതിന് സഹായിക്കുന്നതാണ്.<br><br>ഇതിനു പുറമെ കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സ്ഥിതി യഥാസമയം അവലോകനം ചെയ്ത് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ